"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനം - പാമ്പാക്കട ബ്ലോക്ക് പഞ്ചായത്ത് - പ്രോ.നം. 83/22 - ഐ.എ.വൈ. വിഹിതത്തിൽ മിച്ചമുള്ള തുക ഉപയോഗിച്ച് 2011-12- ൽ ഐ.എ.വൈ. പദ്ധതി പ്രകാരം വീട് ലഭ്യമായ 73 ഗുണഭോക്താക്കൾക്ക് ₹ 19,110/- വീതം നൽകുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്

സ.ഉ.(സാധാ) നം.2645/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/12/2021

---

പരാമർശം:-
1. പാമ്പാക്കട ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 02.08.2021-ലെ 2(2)-ാം നമ്പർ തീരുമാനം
2. എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2021-ലെ കത്ത്.
3. 02.12.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.13 നമ്പർ തീരുമാനം

<u>ഉത്തരവ്</u>

പാമ്പാക്കട ബ്ലോക്ക് പഞ്ചായത്തിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ഐ.എ.വൈ. പദ്ധതി പ്രകാരം 2011-12-ൽ വീട് ലഭ്യമായതും ഭവനനിർമ്മാണം പൂർത്തീകരിച്ചതുമായ 73 ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകേണ്ട ₹19,110/- ഇതുവരെ നൽകിയിട്ടില്ല. ഐ.എ.വൈ. ഭവനപദ്ധതിയുടെ നിർവ്വഹണത്തിലേക്ക് ത്രിതല പഞ്ചായത്തുകളുടെ വിഹിതമായി ലഭിച്ച തുകയിൽ മിച്ചമുള്ള തുക ബാങ്കിലുണ്ട്. ഈ തുകയിൽ നിന്ന് ടി 73 പേർക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകേണ്ട ₹19,110/- വീതം ആകെ ₹13,95,030/- നൽകാൻ പാമ്പാക്കട ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (1) തീരുമാന പ്രകാരം എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ 02.12.2021-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിക്കുകയും അനുമതി നൽകുന്നതിന് പരാമർശം (3) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, പാമ്പാക്കട ബ്ലോക്ക് പഞ്ചായത്തിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ഐ.എ.വൈ. പദ്ധതി പ്രകാരം 2011-12-ൽ വീട് ലഭ്യമായതും ഭവനനിർമ്മാണം പൂർത്തീകരിച്ചതുമായ 73 ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകേണ്ട തുക, ₹19,110/- വീതം ഐ.എ.വൈ. ഭവനപദ്ധതിയുടെ നിർവ്വഹണത്തിലേക്ക് ത്രിതല പഞ്ചായത്തുകളുടെ വിഹിതമായി ലഭിച്ചതിൽ ബാങ്കിൽ മിച്ചമുള്ള തുകയിൽ നിന്ന് നൽകുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്: ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രസിഡന്റ്/ സെക്രട്ടറി, പാമ്പാക്കുട ബ്ലോക്ക്പഞ്ചായത്ത്, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ&പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.വ (ഡി.എ) വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Nisam N
Date: 31-12-2021 11:03:11
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി